For Private Circulation Only

October 2018

ആഗമനാരുണൻ

Vol.65

നിനയാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതു കൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ (ലൂക്കൊ.12:40)

No.10

പ്രാർത്ഥനയും വരുന്ന ദൈവരാജ്യവും

By Dave Butts

ദൈവം തന്റെ പുത്രന്റെ വരവിനായുള്ള ഒരുക്കം എന്ന നിലയിൽ പ്രാർത്ഥനയ്ക്കായി തന്റെ സഭയെ വിളിക്കുന്നു. ആ വിളിയെ ഉൾക്കൊണ്ടു കൊണ്ട് സ്നാപകയോഹന്നാൻ വിളിച്ചു പറയുന്നത് .... " കർത്താവിന്റെ വഴി ഒരുക്കുവിൻ "!

മാനവകുലത്തിനുവേണ്ടിയുള്ള ഏതൊരു പ്രവൃത്തിയിലും പ്രാർത്ഥന കൂടാതെ ദൈവം ഒന്നും ചെയ്യുന്നില്ല. ദൈവം ചിലതു ചെയ്യുവാൻ തുടങ്ങുമ്പോൾ, തന്റെ ജനത്തെ പ്രാർത്ഥനയിലേക്ക് നടത്തുന്നു. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് തന്റെ പുത്രനെ ലോകത്തിലേയ്ക്കയ്ക്കുമ്പോഴും ദൈവം അതു തന്നെ ചെയ്തു. പ്രായമുള്ള രണ്ടു പേരെ ദൈവം തന്റെ ആലയത്തിൽ പ്രാർത്ഥനയ്ക്കായി ഒരുക്കി ഹന്നാ, ശീമെയോൻ, അവർ ആകാംഷയോടെ വരുവാനുള്ള മശിഹായ്ക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഇന്നും ദൈവം അതേ രീതി തന്നെ തുടർന്നു കൊണ്ടിരിക്കുന്നു.

ഒരു പ്രാർത്ഥിക്കുന്ന സഭയ്ക്ക് ചെയ്യാൻ കഴിയുന്നതിനെക്കാൾ വലിയ മറ്റൊരു കാര്യമില്ല. പ്രാർത്ഥനയെ ഒരിക്കലും ആത്മിക കാര്യങ്ങളിലും ഒരു ചെറിയ ഭാഗമായി കാണാൻ പാടില്ല. ഇന്നും ദൈവം ചെയ്യുവാൻ ആഗ്രഹിക്കുന്ന കാര്യങ്ങളോടുകൂടെ തന്റെ ഹൃദയത്തിൽ ഇടം പിടിച്ചിരിക്കുന്ന ശക്തിയാണ് പ്രാർത്ഥന. ദൈവാത്മകേന്ദ്രീകൃതമായ പ്രാർത്ഥനയെ സംബന്ധിച്ച് മൂന്ന് ചിന്താഗതികളാണുള്ളത്. ഉണർവ്വിനുവേണ്ടിയുള്ള പ്രാർത്ഥന, സുവിശേഷീകരണത്തിനുവേണ്ടിയുള്ള പ്രാർത്ഥന, കാവൽക്കാരന്റെ പ്രാർത്ഥന.

ഉണർവ്വിനുവേണ്ടിയുള്ള പ്രാർത്ഥന

ദൈവം തന്റെ ജനത്തെ ഉണർവ്വിനായി വിളിക്കുന്നു. "ഉറങ്ങുന്നവനേ, ഉണർന്ന് മരിച്ചവരുടെയിടയിൽ നിന്നും എഴുന്നേൽക്കുക, എന്നാൽ ക്രിസ്തു നിന്റെമേൽ പ്രകാശിക്കും" (എഫെ. 5:14). ഉണർവ്വ് എന്നത്, ഒരു സമയം ഉറങ്ങുന്ന സഭ ഉണർന്ന് ക്രിസ് തുവിന്റെ സാന്നിദ്ധ്യം ഒരു പുത്തൻ അനുഭവത്തിലും ഒരു പുതിയ വഴിയിലും അനുഭവമാക്കുന്നതാണ്. ഇന്നെത്തെ സഭയ്ക്ക് ഒരു ഉണർവ്വ് ആവശ്യമായിരിക്കുന്നു എന്നതിൽ രണ്ടു പക്ഷമില്ല. ഉണർവ്വിനെ സംബന്ധിച്ച് പഠിക്കുന്ന ഏതൊരു വ്യക്തിക്കും പറയാൻ കഴിയുന്നത് ഒരു ഉണർവ്വിനു മുമ്പെ ദൈവം പ്രാർത്ഥനയ് ക്കായി ചിലരെ എഴുന്നേൽപ്പിക്കുന്നു.

അമേരിക്ക തുടങ്ങിയ ചില രാജ്യങ്ങളിലെ സഭകൾ ഒരു ഉണർവ്വിനെ ലക്ഷ്യമിട്ട് ദൈവത്തിന്റെ ശക്തമായ പ്രവൃത്തി വെളിപ്പെടേണ്ടതിനായിട്ടും ദീർഘവീക്ഷണത്തോടെ പ്രാർത്ഥനയാരംഭിച്ചു. അതിൽ അനേകർ ആകൃഷ്ടരായിട്ട് രാജ്യത്തും ലോകമെമ്പാടും പ്രാർത്ഥനയുടെ ആവശ്യം മനസിലാക്കിയിട്ട് ഇടർച്ചായായി പ്രാർത്ഥിക്കാൻ തുടങ്ങി. ആ പ്രാർത്ഥന വ്യാപകമായി നടക്കുവാനും അത് ഉണർവിനുവേണ്ടിയുള്ള ഒരു നില വിളിയായിത്തീരുവാനും ഇടയായി. അനേകർ ചാൾസ് സ്പർജൻ ചെയ്തതുപോലെ കരയുവാനും പ്രാർത്ഥിക്കാനും ആളുകളെ പ്രാർത്ഥനയ്ക്കായി പ്രബോധിപ്പിക്കാനും തുടങ്ങി. പ്രിയ സഹോദരീസഹോദരന്മാരേ, നിങ്ങളുടെ ഭവനങ്ങളിലോ ആരാധനാലയങ്ങളിലോ കൂടിവന്ന് ഉണർവ്വിനായി പ്രാർത്ഥിക്കുമെങ്കിൽ കഴിഞ്ഞ കാലങ്ങളിൽ ദൈവം ചെയ്തതുപോലെ അത്ഭുതം ഈ ദിവസങ്ങളിലും ചെയ്യും. എന്ന് ഉപദേശിപ്പാനും പ്രാർത്ഥിപ്പാനും തുടങ്ങി.

ഉണർവ്വിനുവേണ്ടിയുള്ള പ്രാർത്ഥന എന്നത് ദൈവത്തോടു പ്രാർത്ഥിക്കുന്ന മറ്റനേകം പ്രാർത്ഥനാവിഷയങ്ങളിൽ ഉണർവ്വിന്റെ കാര്യവും പറഞ്ഞു പ്രാർത്ഥിക്കുന്ന ഒരു പ്രാർത്ഥനയല്ല. ദൈവമുമ്പാകെ നമ്മെത്തന്നെ ഏല്പിച്ച് താഴ്മയോടും അനുതാപത്തോടും പ്രാർത്ഥിക്കേണ്ടതായ ഒന്നാണ്. സഭയുടെയും സമൂഹത്തിന്റെയും ദാരുണമായ അവസ്ഥയെ മനസിലാക്കി അത് നമ്മുടെ വ്യക്തിപരമായ ആവശ്യമായി പരിഗണിച്ച് പാപക്ഷമയ്ക്കു വേണ്ടിയുള്ള പ്രാർത്ഥനകൂടെയാണിത്. പ്രാർത്ഥനയുടെ അത്യാവശ്യം മനസിലാക്കി കർത്താവിന്റെ ഇടപെടലിനായി പ്രത്യാശയോടെ പ്രാർത്ഥിക്കുകയാണ്. ഉണർവ്വിനായുള്ള പ്രാർത്ഥന,പരിശുദ്ധാത്മാവിന്റെ രൂപാന്തരപ്പെടുത്തുന്ന ശക്തിയുടെ ഇടപെടലിന് വഴിയൊരുക്കുന്നു.

ഉണർവ്വിനായുള്ള പ്രാർത്ഥന, വിശ്വാസത്തോടും പ്രത്യാശയോടും ദൃഢനിശ്ചയത്തോടും ഉള്ള പ്രാർത്ഥനയാണ്. ലോകത്തെ മൂന്ന് ആഴ്ചകളോ അതിൽകുറഞ്ഞ ഒരു സമയത്തിനകത്തോ രൂപാന്തരപ്പെടുത്തുവാനുള്ള ഒരു പ്രാർത്ഥനയല്ല അത്. ദൈവത്തിന്റെ പ്രവൃത്തി കാണുകയോ, അല്ലെങ്കിൽ മരിക്കുക എന്ന തീരുമാനത്തോടെയുള്ള പ്രാർത്ഥനയാണത്. ജോൺനോക്സ് എന്ന ദൈവഭക്തൻ പ്രാർത്ഥിച്ചത് "സ്കോട്ട്ലണ്ടിനെ എനിക്കു തരിക, അല്ലെങ്കിൽ ഞാൻ മരിക്കട്ടെ" എന്നാണ് മറുപടി കാണുന്നതുവരെയുമുള്ള പ്രാർത്ഥനയാണത്. ഹബക്കുക്ക് വിശ്വാസത്തോടെ പറയുന്നത് " വെള്ളം സമുദ്രത്തിൽ നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ മഹത്വത്തിന്റെ പരിജ്ഞാനത്താൽ പൂർണ്ണമാകും" (ഹബ. 2:14).

സുവിശേഷീകരണത്തിനായുള്ള പ്രാർത്ഥന

അടുത്ത് കാണുന്നത് സുവിശേഷീകരണത്തിനായുള്ള പ്രാർത്ഥനയാണ്. കർത്താവിന്റെ വരവിനെക്കുറിച്ച് ലോകത്തോട് വ്യക്തമായി പ്രഖ്യാപിക്കുന്നവരാണ് സുവിശേഷത്തിന്റെ വ്യാപ്തിക്ക് കാരണക്കാരൻ. മത്താ. 2:14-ൽ യേശു പറയുന്നത്, "രാജ്യത്തിന്റെ ഈ

(ശേഷം 5-ാംപേജിൽ)

അവസാനത്തോളം സഹിക്കുവാനുള്ള കൃപ

By D.L.Moody

“ വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്. നാം നില്ക്കുന്ന ഈ കൃപയിലേക്ക് നമുക്ക് അവന്മൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു. നാം ദൈവതേജസ്സിന്റെ പ്രശംസയിൽ പ്രശംസിക്കുന്നു ” (റോമർ. 5:1,2). ഈ രണ്ട് വാക്യങ്ങളിൽ വിലപ്പെട്ട മൂന്ന് പദങ്ങളെ കാണാം. സമാധാനം, കൃപ മഹത്വം, കാൽവറിക്രൂശിലേക്ക് വിശ്വാസത്തോടുകൂടെ നോക്കുമ്പോൾ അവിടെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി രക്തം ചൊരിഞ്ഞ് മരിക്കുന്ന ദൈവപുത്രനെ കാണാം. രക്തം നമ്മുടെ പാപമുള്ള മനസാക്ഷിക്ക് സമാധാനം വരുത്തുന്നു. എന്നിട്ട് ഈ വർത്തമാനകാലത്ത് ദൈവത്തിന്റെ കൃപയുണ്ട് ഓരോ ദിവസത്തേക്കുമുള്ള ദൈവകൃപ. അടുത്തത് ദൈവത്തിന്റെ മഹത്വം, അത് നാം നിത്യതയിൽ പ്രാപിക്കും.

മൂന്ന് വിലയേറിയ പദങ്ങൽ സമാധാനം ഭൂതകാലത്തേയ്ക്കുള്ളതായിരുന്നു, കൃപ ഈ വർത്തമാനകാലത്തേയ്ക്കുള്ളത്. മഹത്വം ഭാവികാലത്തിൽ സംഭവിക്കുന്നത്. നല്ലത് നമുക്കു വേണ്ടി കരുതിയിരിക്കുന്നു. നാം ഈ ലോകത്തിൽ നിന്നും കടന്നു പോകുമ്പോൾ, ആ നിത്യതയുടെ മഹത്വത്തിലേക്ക് നാം പോകുമ്പോൾ നാം രാജാധിരാജാവും കർത്താധികർത്താവുമായവനെ മഹത്വത്തിൽ നാം കാണും.

നല്ലൊരു കൂട്ടം ആളുകൾ യേശുക്രിസ്തുവിന്റെ കാൽവറിയിൽ പൂർത്തീകരിക്കപ്പെട്ട വേലയോടുകൂടെ തൃപ്തിയടയുകയാണ് ചെയ്യുന്നത്. വരുവാനുള്ള മഹത്വത്തെ അവർ മറക്കുന്നു. അതുവരെ നമ്മെകാക്കുവാനുള്ള ദൈവകൃപ നമുക്ക് പകർന്നു തരുന്നു. ഈ മഹത്വകരമായ സത്യം നിങ്ങളുടെ ഹൃദയത്തിലുണ്ടെങ്കിൽ നിങ്ങൾക്ക് ദൈവത്തെ സംശയിപ്പാൻ സാദ്ധ്യമല്ല. ദൈവത്തിന് നിങ്ങളെ സഹായിക്കാൻ കഴിയില്ല എന്ന് ചിന്തിക്കുവാൻ സാദ്ധ്യമല്ല. അവിടുന്ന് സർവ്വശക്തനാണ്, നിങ്ങളെ കാക്കുവാൻ ധാരാളമായി കൃപ തന്റെ പക്കലുണ്ട്, ആദാമ്യ സന്താനങ്ങളെ മുഴുവൻ പരിപാലിക്കുവാൻ അവിടുന്ന് സർവ്വശക്തനാണ്.

എങ്ങനെയാണ് നിങ്ങൾ ദൈവകൃപ പ്രാപിക്കാൻ പോകുന്നത്. ധൈര്യത്തോടെ ദൈവത്തിന്റെ കൃപാസനത്തോട് അടുത്തുവരിക. ദൈവകൃപ പ്രാപിക്ക. അലഞ്ഞു തിരിയുന്നവന് അത് പ്രാപിപ്പാൻ സാദ്ധ്യമല്ല. എന്നാൽ തന്റെ സിംഹാസനത്തോട് അടുത്ത് വരുന്ന ഏവർക്കും ധാരാളമായി ദൈവകൃപ പ്രാപിപ്പാൻ കഴിയും. വറ്റിപ്പോകാത്ത ഉറവ അവന്റെ പക്കലുണ്ട്.

മറ്റൊരു കൂട്ടർ നല്ല വിശ്വാസികളാണ്. പക്ഷേ എപ്പോഴും ചിന്തിച്ച് വ്യാകുലപ്പെട്ട് കരഞ്ഞുകൊണ്ടേയിരിക്കുന്നു. അവർ ദു:ഖത്തോടെ ഭൂതകാലത്തെ അയവിറക്കുന്നു. ഇനി കഷ്ടങ്ങളും പ്രയാസങ്ങളും ഭാവിയിൽ തങ്ങളെ കാത്തിരിക്കുന്നു എന്ന് ചിന്തിക്കുന്നു. മുതുകത്ത് എപ്പോഴും ഭാരം കെട്ടിവച്ച് ചുമക്കുന്നവർ, അവർ ദൈവത്തിന്റെ വേലയ്ക്ക് കൊള്ളാകുന്നവരല്ല.

കുറച്ചു മുമ്പു ഒരു മനുഷ്യൻ എന്നോടു പറഞ്ഞു. നിങ്ങൾ അപകടത്തിൽ മരിക്കുവാൻ താല്പര്യപ്പെടുന്നുവോ? ഞാൻ പറഞ്ഞു ഇല്ല, എങ്ങനെ മരിക്കണം എന്ന് ഞാൻ അറിയുന്നില്ല. ഞാൻ അങ്ങനെ മരിക്കണമെങ്കിൽ എനിക്ക് അതിനുള്ള

(ശേഷം 8-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വനന്ദനം. “സൗമ്യതയുള്ളവർ അതു കണ്ടു സന്തോഷിക്കും; ദൈവത്തെ അന്വേഷിക്കുന്നവരേ നിങ്ങളുടെ ഹൃദയം ജീവിക്കട്ടെ ” (സങ്കീ. 69:3)

2018-ാം വർഷത്തിന്റെ സെപ്റ്റംബർ മാസം നമ്മെ വിട്ട് കടന്നുപോയി. ഒക്ടോബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

പ്രിയ ദൈവപൈതലേ നീ തളർന്നിരിക്കുകയാണോ? സടകുഞ്ഞെഴുന്നേൽക്കുക. ശിംശോനെപ്പോലെ നിന്റെ നേരെ വരുന്ന പാപത്തിന്റെ ശക്തിമേലും രോഗത്തിൻമേലും മരണത്തിന്മേലു വിജയം യേശു കാൽവരിക്രൂശിൽ നമുക്കായി നേടി തന്നിരിക്കുന്നു. യേശുവിന്റെ അടിപണരുകളാൽ നിനക്കു സൗഖ്യം വന്നിരിക്കുന്നു. അടിയേറ്റ മുറിവുകളിലൂടെ നിനക്കു സൗഖ്യം ലഭിച്ചിരിക്കുന്നു.

ഒരു വിശ്വാസി തലതാഴ്ത്തി ജീവിക്കേണ്ടവനല്ല. നെടുവീർപ്പുമായി ജീവിക്കേണ്ടവനുമല്ല. പരാജിതനായി ദിവസങ്ങളോരോന്നും തള്ളി നീക്കേണ്ടവനുമല്ല. യേശു വിജയിയായതിനാൽ നീയും വിജയിയാണ്. ജയാളിയാണ്.

ദൈവം നമ്മുടെ ഏറ്റുവും അടുത്ത തുണയും സഖിയും ആശ്വാസകനും സൗഖ്യദായകനുമാണെന്ന് പൂർണ്ണമായി വിശ്വസിക്കുക. നിങ്ങളുടെ പാപം രക്തംപോലെ ചുവന്നിരുന്നാലും ഹിമംപോലെ വെളുപ്പിക്കാമെന്ന് അരുളിചെയ്ത വാഗ്ദത്തങ്ങളിൽ വിശ്വസ്തനായ കർത്താവു പാപത്തെ വെറുക്കുന്നവനും പാപികളെ സ്നേഹിക്കുന്നവനുമാണ്. ആകയാൽ നമുക്കു ജാഗരുകരായിരിക്കാം. ഈ അവസാന നാളുകളിൽ ദൈവസന്നിധിയിൽ താഴ്മയോടെ നടന്ന് വിശുദ്ധ ജീവിതം നയിച്ച് നമ്മുടെ കർത്താവിന്റെ മഹത്വ പ്രത്യക്ഷതയിൽ എടുക്കപ്പെടാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ദൈവത്തിന്റെ കുടുംബം

By Lois.J.Stucky

എഫെസ്യലേഖനം 3:14,15 വാക്യങ്ങളിൽ നാം വായിക്കുന്നത്, അതുനിമിത്തം ഞാൻ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേർ വരുവാൻ കാരണമായി പിതാവിന്റെ സന്നിധിയിൽ മുട്ടുകുത്തുന്നു. പൗലൊസ് വീണ്ടും സംസാരിക്കുന്നത്, ആ കുടുംബം ദൈവത്തിന്റെ പ്രവർത്തികളിൽ ഏറ്റവും മേത്തരമായതാണ്. പൗലൊസ് വീണ്ടും സംസാരിക്കുന്നത് അത് ദൈവത്തിന്റെ എല്ലാ നിറവിനാലും നിറഞ്ഞിരിക്കുന്നു. ഏതാണ് പൗലൊസ് സംസാരിക്കുന്ന ആ കുടുംബം

ബിഷപ്പ് ജെ.സി.റയൽ (1816 - 1900) . പ്രയോഗിക മതം എന്ന പുസ്തകത്തിൽ ഈ കുടുംബത്തെക്കുറിച്ച് അത്യാവശ്യമായി അറിയുവാനുള്ള കാര്യങ്ങൾ പറഞ്ഞിരിക്കുന്നു. അദ്ദേഹം പറയുന്നത്, ആ കുടുംബത്തിലെ അംഗങ്ങളായിരിക്കുന്നത്, എല്ലാക്കാലത്തും, സഭയിലും രാജ്യങ്ങളിലും ഭാഷകളിലുമുള്ള യഥാർത്ഥ വിശ്വാസികളായി ജീവിക്കുന്നവരും, ക്രിസ്തുവിലുള്ള സകല സത്യവിശ്വാസികളും, സകല വിശുദ്ധന്മാരുമാണ്. അവരെക്കുറിച്ച് പൗലൊസ് പറയുന്നത് ... ദൈവത്തിന്റെ ഭവനക്കാർ (എഫെ. 2:19) എന്നാണ്. അവർ ഒരിക്കലും അപരിചിതരും വിദേശികളുമല്ല. ദൈവത്തിന്റെ കുടുംബത്തിലെ അംഗങ്ങൾ എത്ര അനുഗ്രഹിക്കപ്പെട്ടവരാണ്!

എന്തുകൊണ്ടാണ് സത്യവിശ്വാസികളെ ദൈവത്തിന്റെ കുടുംബക്കാർ എന്ന് പറയുന്നതെന്ന് ബീഷപ്പ് റയൽ വ്യക്തമാക്കുന്നുണ്ട്. ഒന്നാമതായി എല്ലാവരും ഒരു പിതാവിന്റെ മക്കളാണ്. കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ അവർ ദൈവമക്കളാണ്. ഒരേ ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ ദൈവത്തിന്റെ കുടുംബത്തിലേയ്ക്ക് ജനിച്ചിരിക്കുന്നു, അവർ എല്ലവരും ആ പിതാവിന്റെ സ്നേഹത്തിലുള്ള കരുതലിനായി പിതാവിൽ ആശ്രഹിക്കുന്നു.

രണ്ടാമതായി, അവർ എല്ലാവരും യേശുവിനെ കർത്താവും മൂത്ത സഹോദരനുമായി കൈക്കൊണ്ട് ആരാധിക്കയും സ്നേഹിക്കയും ചെയ്യുന്നു. അവർ എല്ലാവരും കുടുംബത്തിന്റെ പേരായ ക്രിസ്ത്യാനി എന്ന നാമം വഹിക്കുന്നു. യേശു നമ്മോട് സംസാരിക്കുന്നത്, ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവർ തന്നെ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു (മർക്കൊ. 3:35).

മൂന്നാമതായി റയൽ പറയുന്നത്, അവരെ ഒരു കുടുംബം എന്ന് പറയുവാൻ കാരണം അവർ സമാന സ്വഭാവം കാത്തു സൂക്ഷിക്കുന്നു എന്നതാണ് റയൽ പറയുന്ന അവരുടെ സമാന സ്വഭാവങ്ങൾ അവർ എല്ലാവരും പാപത്തെ വെറുക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നു. കർത്താവായ യേശുക്രിസ്തുവിലുള്ള രക്ഷയിൽ അവർ പ്രത്യാശവയ്ക്കുന്നു. അവർ ഈ ലോകത്തിലുള്ളതിനെ സ്നേഹിക്കാതെ ഉയരത്തിലുള്ളതിൽ പ്രത്യാശവയ്ക്കുന്നു. “ അവർ എല്ലാവരും വിലയേറിയ ദൈവവചനമായ വേദപുസ്തകത്താൽ തങ്ങളുടെ ആത്മാക്കളെ പോഷിപ്പിക്കുന്നു. അവർ എല്ലാവരും ദൈവത്തിന്റെ ഒരേ സിംഹാസനത്തിൻമുമ്പിൽ പ്രാർത്ഥനക്കായി ഒത്തു ചേരുന്നു. അവർ എല്ലാവരും ഒരേ ആത്മിക അനുഭവമുള്ളവരായി, ഒരേ ആനുതാപം, വിശ്വാസം, പ്രത്യാശ, സ്നേഹം, താഴ്മ എന്നിവ ഉള്ളവരായി, പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് ക്രിസ്തുവിൽ പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നു”.

മുകളിൽ പ്രസ്താവിച്ചത് ഈ ലോകത്തിലുള്ള ദൈവകുടുംബക്കാരുടെ കാര്യമാണ്. എന്നാൽ സ്വർഗ്ഗത്തിൽ ചേർക്കപ്പെട്ട എണ്ണികൂടാത്ത സൈന്യത്തേയും കൂട്ടിച്ചേർക്കേണ്ടതായിട്ടുണ്ട്. അവർ ഈ ലോകത്തിലെ കഷ്ടങ്ങളും, അപകടങ്ങളും, ക്രൂശുകളും, വേദനകളും, നിരാശകളും, ഭയങ്ങളും തരണം ചെയ്ത്, തങ്ങളുടെ ഓട്ടം തികച്ചവരാണ്. അവർ ഇപ്പോൾ ഉയരത്തിൽ കർത്താവിന്റെ സന്നിധിയിൽ വിശ്രമിക്കുന്നു. മഹത്വം! സന്തോഷം! സമാധാനം, ഇന്ന് സ്വർഗ്ഗത്തിലും ഭൂമിയിലുമായിട്ട് ആയിരിക്കുന്ന കുടംബാംഗങ്ങൾ ആസന്ന ഭാവിയിൽ ഒരുമിച്ചു ചേരും! ഇന്ന് അത് നമുക്ക് മറപൊരുളായിരിക്കുന്നു,

ദൈവത്തിന്റെ കുടുംബത്തിലെ അംഗമായിരിപ്പാൻ കഴിയുക എന്നത് വർണ്ണിപ്പാൻ കഴിയാതവണ്ണം അത്ഭു

(ശേഷം 8-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

സർവ്വകൃപാലുവായ ദൈവം

By Octavius Winslow (1808 - 1878)

" എന്നാൽ അല്പകാല ത്തേയ്ക്ക് കഷ്ടം സഹി ക്കുന്ന നിങ്ങളെ ക്രിസ്തു വിൽ തന്റെ തേജസിനായി വിളിച്ചിരിക്കുന്ന സർവ്വകൃപാ ലുവായ ദൈവം തന്നെ യഥാ സ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കും ". (1പത്രൊ. 5:10).

സർവ്വകൃപാലുവായ ദൈവം എന്ന നിലയിൽ തന്റെ കൃപ കൃപയോടുകൂടെ തന്നെ പാപികൾക്ക് വെളി പ്പെടുത്തി. അത് ദൈവത്തി ന്റെ സമ്പത്താണ്. അത് തന്നിൽ വസിച്ച് ദൈവ ത്തിന്റെ സ്വന്തം സത്തയായ സ്വഭാവമായിരിക്കുന്നു. ദൈവം തന്റെ സ്വന്തം വാക്കി കളിൽ പറയുന്നത്, "ദൈവ മായ കർത്താവു കരുണയും കൃപയുമുള്ളവൻ " (പുറ. 34:6). ദൈവം തന്റെ കൃപ വ്യക്തികളിൽ പകർന്ന് നിത്യ മായ പ്രവൃത്തി ചെയ്യുന്നു.

എന്താണ് പാപക്ഷമ എന്നാൽ ദൈവത്തിന്റെ കൃ പ നമ്മുടെ പാപങ്ങളെ ക്ഷമി ക്കുന്നു? എന്താണ് നീതീക രണം എന്നാൽ നമ്മുടെ വ്യക്തിത്വങ്ങളെ അംഗീകരി ക്കുന്നു? എന്താണ് വിശുദ്ധീ കരണം, ദൈവത്തിന്റെ കൃപ നമ്മുടെ ഹൃദയങ്ങളെ ശുദ്ധീ കരിക്കുന്നു. എന്താണ് ദത്തെ ടുക്കൽ, എന്നാൽ ദൈവ ത്തിന്റെ കൃപ നമ്മെ പുത്ര ന്മാരാക്കിത്തീർക്കുന്നു. എന്താണ് നമ്മുടെ അന്ത്യ മായ രക്ഷ, ദൈവത്തിന്റെ കൃപ വീഴ്ചയിൽ നിന്നും നമ്മെ സൂക്ഷിക്കുന്നു. തന്റെ നിത്യരാജ്യത്തിനുവേണ്ടി നമ്മെ ഒരുക്കുന്നു.

നമ്മുടെ വലിയ പാപം എന്നത് ദൈവത്തെ പരിമിത പ്പെടുത്തുന്നു എന്നതാണ്. അവിടുന്ന് യിസ്രായേലിന്റെ പരിശുദ്ധനാണ്. നാം അവി ടുത്തെ നിത്യതയെ ഒരു നിത്യതയുടെ അളവുകോൽ കൊണ്ട് അളക്കണം. നമ്മിൽ പലരും ഒരു മരത്തിന്റെ ഇല കൊണ്ട് ലോകത്തെ മുഴു വൻ പൊതിയാൻ ശ്രമിക്കു ന്നതുപോലെയാണ് ദൈ വത്തെ കാണുന്നത്. അല്ലെ ങ്കിൽ ഒരു കുട്ടി തന്റെ വിരൽ സമുദ്രത്തിൽ മുക്കുന്നതു പോലെയാണ് ദൈവത്തെ കാണുന്നത്. അല്ലെങ്കിൽ വരൾച്ചയുടെ പാഠം കൊണ്ട് സമുദ്രത്തെ അലങ്കരിക്കുന്ന തുപോലെയാണ് ചിലർ ദൈവത്തെ കാണുന്നത്.

ദൈവം സർവ്വശക്ത നായ ദൈവം എന്ന് പല പ്പോഴും നാം മറന്നുപോകു ന്നു. ദൈവം എല്ലാറ്റിനും മിത യായവനാണ്, അവിടുന്ന് നിത്യനാണ്. അതുകൊണ്ട് പരിമിതിയില്ലാത്തവനാണ്. ഓരോ നിമിഷവും അവി ടുത്തെ ശക്തി പ്രാപിച്ചത്രേ നാം നിലനിൽക്കുന്നത്. സഭ ആരംഭം മുതൽ നിലനിൽ ക്കുന്നത് അവിടുത്തെ ജീവൻ പ്രാപിച്ചാണ്, അവിടുത്തെ നിറവുകളും കൃപയും ഒരി ക്കലും തീർന്നുപോകുന്നില്ല. ആ സർവ്വശക്തനായ ദൈവ ത്തോടു ഹൃദയാംഗമായും വിനയത്തോടും നാം അടു ത്തു ചെല്ലേണ്ടതാണ്. അവി ടുന്ന് നമ്മോട് സംസാരിക്കു ന്നത്, " ഞാൻ സർവ്വശക്ത നായ ദൈവം (ഉല്പ. 17:1). അടിമവീടായ മിസ്രയീം ദേശത്തു നിന്ന് നിന്നെകൊ ണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവമാ കുന്നു " (പുറ.20:2); "ഞാൻ സകല ജഡത്തിന്റെയും ദൈവമായ യഹോവയാകു ന്നു. എനിക്കു കഴിയാത്ത വല്ല കാര്യവുമുണ്ടോ? " (യി രെ. 32:27).

നിശ്ചയമായും അവി ടുന്ന് സർവ്വകൃപാലുവായ ദൈവം തന്നെയാണ്. അവി ടുന്ന് തന്റെ ഏകാജാതനായ പുത്രനെ നമുക്ക് നൽകി. തന്റെ ജനത്തിനുവേണ്ടി കഷ്ടതയനുഭവിപ്പാനും മരി ക്കാനും. അതെ കൃപാകവാ ടമായ അവിടുന്ന്, നമുക്കു വേണ്ടി ഒരുക്കി, പൂർണ്ണമായി നമുക്കുവേണ്ടി ഏല്പിച്ചു തന്നു, ഒരു അപ്പക്ഷണ ത്തിൽ നിന്നു സ്വർഗ്ഗത്തിലെ വിരുന്നിലേയ്ക്കും, ദൈവസ ന്നിധിയിലെ എല്ലാ നിറവുക ളിലേയ്ക്കും നമ്മെ നടത്തു ന്നു,

ദൈവത്തിൽ നിന്നും അന്യപ്പെട്ടുപോയാൽ, അവി ടുന്ന് കൃപയുള്ളവനാണെ ങ്കിലും എല്ലാം ക്ഷണികമാ ണ്. മരുഭൂമിയിൽ മേശ ഒരു ക്കുവാൻ ദൈവത്തിന് കഴിയുമോ എന്ന് ചോദി ച്ചില്ലേ? അവിടുന്ന് ആറു പരീക്ഷകളിൽ നിന്നും എന്നെ വിടുവിച്ചു. ഏഴാമ ത്തേതിലും എന്നെ സഹായി ക്കുമോ? തൊണ്ണൂറ്റി ഒൻപത് പ്രാവശ്യം അവിടുന്ന് എ ന്നോട് ക്ഷമിച്ചു, നൂറാമത്തേ തിലും ക്ഷമിക്കുമോ? കല്ലറ യിൽ അടക്കപ്പെട്ട കരുണ യുടെ വലിയകല്ല് അവിടുന്ന് ഉരുട്ടി മാറ്റി എന്നെ മൂടിയി രിക്കുന്ന പർവ്വതത്തിൽ ഇരുണ്ട സ്വാധീനത്തിൽ നിന്നും ദൈവം എന്നെ വിടു വിക്കുമോ? ദൈവത്തിന് കഴിയുമോ? എന്നെ മൂടിയി രിക്കുന്ന വലിയ പർവ്വത ത്തിന്റെ ഇരുണ്ട സ്വാധീന ത്തിൽ നിന്നും എന്നെ വിടു വിച്ച് എന്റെ വഴിയെ സുതാ ര്യമാക്കുവാൻ ദൈവത്തിന് കഴിയുമോ? അങ്ങനെ നി ങ്ങൾ ദൈവത്തോട് വാദിക്കു ന്നുവോ? ദൈവത്തെ സംശ യിക്കുന്നുവോ? പേടിക്കു ന്നുവോ?

നിന്റെ കുഴയ്ക്കുന്ന പ്രശ്നങ്ങളെ ദൈവത്തിന്റെ അടുക്കൽ കൊണ്ടുവരിക, ദൈവം നിന്നെ സഹായി ക്കും, നിന്റെ ആവശ്യങ്ങളെ ദൈവത്തിന്റെ അടുക്കൽ കൊണ്ടുവരിക. അവിടുന്ന് നിന്നെ അനുഗ്രഹിക്കും. നിന്റെ പർവ്വതങ്ങളെ അവ ന്റെ അടുക്കൽ കൊണ്ടുവരി ക. അവിടുന്ന് അതിനെ നേർ നിലമാക്കും. നിന്റെ പാപങ്ങ ളെ ദൈവമുമ്പിൽ കൊണ്ടു വരിക, അവിടുന്ന് ധാരാള മായി ക്ഷമിക്കും. നിന്റെ സങ്കടങ്ങളെ, പരീക്ഷകളെ, പരിശോധനകളെ, ദൈവമു മ്പാകെ കൊണ്ടുവരിക, അവിടുന്ന് അവയെല്ലാം നിന്റെ കാൽകീഴെയാക്കും, അവയെ തരണം ചെയ്യുവാൻ അവിടുന്ന് സഹായിക്കും. സ്തുതിക്കും മഹത്വത്തിനും യോഗ്യനായ അവിടുന്ന് സർവ്വകൃപാലുവായ ദൈവമ ത്രേ. നമ്മുടെ ഉറവിടങ്ങൾ തീർന്നു പോയേയ്ക്കാം, എന്നാൽ അവിടുത്തെ നിറ വുകൾ തീർന്നു പോകാത്ത താണ്. നമ്മുടെ ജീവിതത്തിൽ ഞെരുക്കങ്ങളുണ്ടോ?, എ ന്നാൽ ദൈവത്തിന്റെ സമൃ ദ്ധിയ്ക്ക് സമ്മർദ്ദങ്ങളില്ല. നമ്മുടെ കൃപ വളരെ ചെറി യതാണ്, ദൈവത്തിന്റെ കൃപ ആഴമുള്ളതാണ്. നിങ്ങൾ ചോദിക്കും, അടുത്ത സ ഹായം എനിക്ക് എവിടെ നിന്നു കിട്ടും? ആകുല ചിത്ത രായി നാം ഉറ്റുനോക്കുന്ന നിമിഷത്തിൽ, ദൈവകൃപ യുടെ ഉറവിൽ നിന്നു ധാരാ ളമായി പകർന്ന് സ്ഥലം പോരാതെ വരുവോളം അവി ടുന്ന് അനുഗ്രഹിക്കുന്നു. ആ ദൈവപ്രവൃത്തി നമ്മെ തട്ടി യുണർത്തി, മധുരഗാനങ്ങൾ പാടി ദൈവത്തെ മഹത്വപ്പെ ടുത്തുവാൻ തക്കവണ്ണം ദൈവത്തിന് സമർപ്പിക്കു വാൻ അത് നമ്മെ പ്രാപ്തരാ ക്കുന്നു. ❖

(1-ാം പേജിന്റെ തുടർച്ച)

പ്രാർത്ഥനയും വരുന്ന ദൈവരാജ്യവും

സുവിശേഷം സകലജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും {] k wK n¡ s¸ Spw”, അപ്പോൾ അവസാനം വരും. ദൈവത്തിന്റെ നാമം നീതീകരിക്കപ്പെടുന്നതും മഹത്വീകരിക്കപ്പെടുന്നതും കാണുവാനുള്ള വാഞ്ഛയാണ് ഉണർവ്വിനു വേണ്ടിയുള്ള പ്രാർത്ഥനയ്ക്ക് നമ്മിൽ കാരണമാവുന്നത് എന്നാണ്. മാർട്ടിൻ ലോയ്ഡ് ജോൺസ് പറയുന്നത്.

ഇന്ന് ഒരു സഭ കൂടുതൽ പ്രാർത്ഥിക്കുന്നു എങ്കിൽ അത് കൂടുതൽ വളരുവാൻ കാരണമാവുന്നു. പ്രാർത്ഥന എന്നത് സുവിശേഷീകരണം അത്ഭുതകരമായ വിധത്തിൽ വ്യാപിക്കാനുള്ള ഉത്തേജക ശക്തിയാണ്.

ചില വർഷങ്ങൾക്കു മുമ്പ് എനിക്കും എന്റെ ഭാര്യ കിമ്മിനും ഇൻഡോനേഷ്യയിൽ നടന്ന ഒരു അന്താരാഷ്ട്ര പ്രാർത്ഥനായോഗത്തിൽ പങ്കെടുക്കുവാൻ സാധിച്ചു. ആ പ്രദേശം മിക്കവർക്കും അപരിചിതമായ ദേശമായിരുന്നു ഇൻഡോനേഷ്യയിൽ മറ്റേതൊരു രാജ്യത്തിലേതിനേക്കാളും മുസ്ലീംങ്ങൾ തിങ്ങിപ്പാർക്കുന്ന രാജ്യമാണ്. എന്നാൽ സഭ അവിടെ ശക്തമായി വളരുന്നു. കാരണം അവിടെ രാത്രിയിലും പകലിലുമായി പ്രവർത്തിക്കുന്ന നൂറുകണക്കിന് പ്രാർത്ഥനാ കേന്ദ്രങ്ങളുണ്ട്. ഇൻഡോനേഷ്യയിലെ വിശ്വാസികൾ അസാധാരണമായ ഉത്സാഹത്തോടെ പ്രാർത്ഥനയ്ക്ക് കൂടിവരികയും ദൈവം അവരുടെ പ്രാർത്ഥനയ്ക്ക് വേഗത്തിൽ മറുപടി നൽകുകയും ചെയ്യുന്നു.

കൊയ്ത്തിന് ആളെ അയയ്ക്കേണ്ടതിന് കൊയ്ത്തിന്റെ യജമാനനോട് പ്രാർത്ഥിക്കുവാൻ ദൈവം സഭയെ വിളിക്കുന്നു. മത്തായി 13:13-ൽ യേശു പറഞ്ഞത്.....” കൊയ്ത്തു ലോകാവസാനം. വിളിക്കപ്പെട്ടവരെ അകത്തു കൊണ്ടുവരുവാൻ ദൈവം എല്ലാ മുഖാന്തരങ്ങളെയും ഉപയോഗിക്കുന്നു. നമ്മുടെ ജോലി പ്രാർത്ഥിക്കുക, പറയുക എന്നിങ്ങനെയാണ്. കർത്താവിന്റെ ശരീരമായ സഭ കർത്താവിന്റെ ദൂതിന് ചെവികൊടുക്കും. ആൻഡ്രൂ മുറേ എന്ന ദൈവഭക്തൻ ഒരിക്കൽ പറഞ്ഞു, ക്രിസ്തീയ സഭയെ യും അതിന്റെ ദൂതിനെയും ആളുകളിലെത്തിക്കുവാനും പ്രാർത്ഥിക്കുവാനും ശ്രമിച്ചിട്ടുള്ളവരാണ് ലോകത്തിന്റെ ക്രിസ്തീയ ചരിത്രത്തിൽ കൂടുതൽ സംഭവാന ചെയ്തിട്ടുള്ളത്.

കാവൽക്കാരന്റെ പ്രാർത്ഥന

മൂന്നാമത്തേത് കാവൽക്കാരന്റെ പ്രാർത്ഥന. പഴയനിയമകാലത്ത് ഒരു കാവൽക്കാരൻ ജനത്തെ ചുറ്റി നടത്തി സംരക്ഷണം ഉറപ്പാക്കുകയും അപകടങ്ങളെക്കുറിച്ച് മുന്നറിയിപ്പ് കൊടുക്കുകയും ചെയ്യും. യെശ. 62:6,7-ൽ അക്ഷരീകമായി തന്നെ ഒരു കാവൽക്കാരന്റെ ചിത്രം വരച്ചുകാട്ടി പ്രാർത്ഥനയെ അതിനോടു താരതമ്യമെടുത്തി പ്രാർത്ഥനയ്ക്കുവേണ്ടി നിർബന്ധിക്കുന്നു. “ യരുശലേമിന്റെ മതിലുകളിൽ കാവൽക്കാരെ ആക്കിയിരിക്കുന്നു. അവർ രാവോ പകലോ ഒരിക്കലും മിണ്ടാതിരിക്കയില്ല; യഹോവയെ ഓർമ്മിപ്പിക്കുന്നവരേ, നിങ്ങൾ സ്വസ്ഥമായിരിക്കരുത്. അവൻ യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തുവോളവും ഭൂമിയിൽ അതിനെ പ്രശംസാ വിഷയമാക്കുവോളവും അവന് സ്വസ്ഥത കൊടുക്കയുമരുത് ”.

രാജ്യങ്ങളുടെ സമൂഹങ്ങളുടെ മതിലുകളിന്മേൽ നിന്ന് അവരെ കാവൽ ചെയ്തു പ്രാർത്ഥിക്കുന്ന കാവൽക്കാരെയാണ് ഇന്ന് സഭയ്ക്ക് ആവശ്യമായിരുക്കുന്നത്. കാവൽക്കാരൻ എപ്പോഴും തന്റെ ചുറ്റുപാടും ലോകത്തിൽ എന്തെല്ലാം സംഭവിക്കുന്നു എന്ന് ഉറ്റുനോക്കിക്കൊണ്ടിരിക്കും, അതേ സമയം ആത്മാവിൽ എന്ത് സംഭവിക്കും എന്ന് ശ്രദ്ധിക്കുകയും ചെയ്യും. ഒരു കാവൽക്കാരൻ എപ്പോഴും ദൈവത്തോട് പ്രാർത്ഥിക്കുന്നത് സാഹചര്യങ്ങളിൽ ഇറങ്ങി വന്ന് സഹായിക്കണമേ എന്നും അവിടുത്തെ ഇഷ്ടവും ഉദ്ദേശവും നിറവേറ്റണമേ എന്നുമാണ്. ദേശത്ത് ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ കാവൽക്കാരൻ അപകട സൂചന നൽകുന്നു. പ്രാർത്ഥിക്കുന്ന വിശ്വാസികൾക്ക് ദേശത്തെ ദുരന്തങ്ങളിൽ നിന്നും രക്ഷിക്കുവാൻ കഴിയും.

കാവൽക്കാരന്റെ പ്രാർത്ഥനയെ സംബന്ധിച്ച് യെശയ്യാ പ്രവാചകൻ വ്യക്തമാക്കുന്നത്, അവർ രാവോ, പകലോ ഒരിക്കലും മിണ്ടാതിരിക്കയില്ല. എന്നാണ്. കാലഘട്ടത്തിന്റെ ഗൗരവത്തെക്കുറിച്ച് ഓർമ്മപ്പെടുത്തിക്കൊണ്ടേയിരിക്കും.

വർഷങ്ങളായുള്ള അനുഭവങ്ങളെ പരിശോധിക്കുമ്പോൾ കർത്താവ് തന്റെ ജനത്തെ ഇപ്രകാരമുള്ള ശക്തമായ മദ്ധ്യസ്ഥ പ്രാർത്ഥനയിലേയ്ക്കും ആരാധനയിലേക്കും നടത്തുകയാണ് ചെയ്യുന്നത്. മൊറേവിയൻ എന്ന ആയിരത്തി എഴുന്നൂറുകളിലെ സുവിശേഷീകരണ പ്രസ്ഥാനത്തിന് ഇതേ നിലയിലുള്ള രാത്രിയും പകലിലുമായുള്ള പ്രാർത്ഥനയുണ്ടായിരുന്നു. നൂറ് വർഷത്തിലധികം അവർ മുടങ്ങാതെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അത് ശക്തമായ സുവിശേഷീകരണത്തിന് കാരണമായിത്തീർന്നു.

സുവിശേഷീകരണവും സഭാസ്ഥാപനവും ജീവിതശൈലിയാക്കിമാറ്റിയിരുന്ന ഹഡ്സൻ ടേയിലർ എന്ന ദൈവഭക്തൻ ഇപ്രകാരമുള്ള ത്യാഗോജ്വലമായ പ്രാർത്ഥനയുടെ പ്രധാന്യം മനസിലാക്കിയിരുന്നു. അദ്ദേഹം ചോദിക്കുന്നത് പെന്തെക്കോസ്തു ഉണർവ്വിനുമുമ്പ് ജനം പത്തു ദിവസം മാളികമുറിയിൽ പ്രാർത്ഥിച്ചില്ലേ? നാമും ആ രീതി അവലംബിച്ചു ദൈവശക്തിയുടെ ഉറവുകളിലേക്ക് ശ്രദ്ധകൊടുത്ത് പ്രാർത്ഥിക്കേണ്ടതാണ്.

നമ്മുടെ ഈ കാലത്തും രാത്രിയും പകലും ദൈവത്തോടു പ്രാർത്ഥിക്കുന്ന പ്രാർത്ഥനാ സഭകളായി നമ്മുടെ സഭകൾ മാറേണ്ടതാണ്. ദൈവം തന്റെ ജനത്തെ ആ അസാധാരണമായ പ്രാർത്ഥനയിലേക്ക് വിളിക്കുകയാണ്. നാം ഒരിക്കൽ കൂടെ യേശുവിന്റെ ആ ശബ്ദം കേൾക്കുന്നു. “എന്നോടുകൂടെ ഒരു നാഴിക കൂടെ ഉണർന്നിരിക്കുവാൻ നിങ്ങൾക്ക് കഴിഞ്ഞില്ലയോ? (മത്താ. 26:40).

പ്രിയ വായനക്കാരാ, ഇങ്ങനെയുള്ള പ്രാർത്ഥന ഒരു ആവശ്യമായി തോന്നുന്നുവോ? എങ്കിൽ സാഹചര്യങ്ങളെ നോക്കാതെ ദൈവീകദർശനത്തിന് ജീവിതത്തെ ഏല്പിച്ച് ദൈവം നമ്മിൽ നമ്മിലൂടെ ചെയ്യുവാനാഗ്രഹിക്കുന്നതിനെ ആരാഞ്ഞറിയേണ്ടതാണ്. ദൈവം അല്പകാര്യങ്ങളെ തുശ്ചീകരിക്കുന്നില്ല. അടങ്ങിയിരിക്കരുത്. നാം രാവും പകലും ഉള്ള പ്രാർത്ഥനയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഉണർവ്വിനുവേണ്ടിയും ലോകസുവിശേഷീകരണത്തിനു വേണ്ടിയും ലോക സുവിശേഷീകരണത്തിനു വേണ്ടിയും നാം പ്രാർത്ഥിക്കുന്നു എങ്കിൽ, ദൈവത്തിന്റെ ഇഷ്ടം സ്വർഗ്ഗത്തിൽ ഉള്ളതുപോലെ ഭൂമിയിലും ആകണമേ എന്ന് പ്രാർത്ഥിച്ച യേശുവിന്റെ പ്രാർത്ഥനയോട് നാം ഏകീഭവിക്കുകയാണ് ചെയ്യുന്നത്. യേശു പ്രഖ്യാപിച്ച ദൈവരാജ്യം ഈ ലോകത്തിന്റെതല്ല. അത് ലോകത്തിന്റെ ഇഷ്ടപ്രകാരമുള്ളതുമല്ല. നേരത്തേ നൽകപ്പെട്ടിരിക്കുന്ന ദൈവരാജ്യത്തിന്റെ രൂപരേഖ എന്നതാണ് പ്രാർത്ഥിക്കുന്ന സഭ.

❖

യഹൂദജനവും അന്ത്യകാല പ്രവചനവും

By David R. Reagan

അന്ത്യകാല പ്രവചനങ്ങളിൽ ഏറ്റവും പ്രാധാന്യമേറിയവയെല്ലാം യിസ്രായേലുമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈവവചനം വായിക്കുമ്പോൾ പ്രവചനങ്ങളുടെ സമയ സൂചികയാണ് യിസ്രായേൽ. ലോകചരിത്രസംഭവങ്ങൾ യിസ്രായേലുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭാവിയിലെ സംഭവങ്ങളും യിസ്രായേലിനോടു ബന്ധപ്പെട്ടിരിക്കുന്നു.

തിരുവചനം വായിക്കുമ്പോൾ സെഖര്യാ. 2:8-ൽ "നിങ്ങളെ തൊടുന്നവൻ അവന്റെ കൺമണിയെ തൊടുന്നു" എന്ന് യഹൂദനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. 2:12-ൽ അവരുടെ ദേശത്തെ ക്കുറിച്ച് പറഞ്ഞിരിക്കുന്നു. 5:5-ൽ ഞാൻ അതിനെ ജാതികളുടെ മദ്ധ്യേ വച്ചിരിക്കുന്നു എന്ന് പറയുന്നു. 16-ാം അധ്യായത്തിൽ യിസ്രായേലിനെ വഴിപിഴച്ച ഭാര്യയായി ചിത്രീകരിക്കുന്നു. ദൈവത്തിന്റെ കോപ പാത്രമായി യിരെ. 36:7-ലും ദൈവകൃപയും പ്രദർശനമായി സെഖ. 13:4 -ലും കാണുന്നു.

പ്രവചനത്തിന്റെ കാഴ്ചപ്പാട് യിസ്രായേലുമായി ബന്ധപ്പെട്ടിരിക്കുന്നു. അത് ഭാവിയെക്കുറിച്ചും വർത്തമാനകാലത്തെക്കുറിച്ചും ഭൂതകാലത്തെക്കുറിച്ചും സംസാരിക്കുന്നു. അത് കാൽവറിയിൽ കൂടെ നമ്മെ സ്നേഹിച്ച ദൈവത്തിന്റെ മഹാസ്നേഹത്തെക്കുറിച്ച് സംസാരിക്കുന്നു. ദൈവത്തിന്റെ മുന്നിർണ്ണയപ്രകാരം അപ്പോസ്തലനായ നിന്നെ ദൈവം പിടിച്ച് യിസ്രായേൽ മക്കളിൽ ഒരു ശേഷിപ്പിനെ പുറത്തുകൊണ്ടുവന്ന് ദൈവത്തിൽ സന്തോഷിപ്പാൻ തക്കവണ്ണം ദൈവത്തിന് പ്രസാദമായി. "ഹാ ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു" (റോമർ. 11:33).

ദൈവവചനത്തിലെ പ്രവചനങ്ങളുടെ അത്ഭുതാവഹമായ നിറവേറലുകളെക്കുറിച്ചു പഠിക്കുമ്പോൾ ഒരിക്കലും സാദ്ധ്യതയില്ലാത്ത യഹൂദജനത്തെ രക്ഷിച്ച് വിശ്വാസമാർഗ്ഗത്തിലേയ്ക്ക് കൊണ്ടുവന്ന ദൈവവചനത്തിന്റെ ശക്തിയിലാണ് ആശ്രയിക്കയും ആരാധിക്കയും ചെയ്യുന്നത്.

നിറവേറപ്പെട്ട പ്രവചനങ്ങൾ

1. യിസ്രായേൽ ചിതറിപ്പോകും ദൈവവുമായുള്ള ഉടമ്പടിയിൽ വിശ്വസ്തരായിരുന്നില്ലെങ്കിൽ ലോകത്തിൽ അവരെ ചിതറിച്ചുകളയും എന്ന് ആവർത്തിച്ച് അവരോട് സംസാരിച്ചുകൊണ്ടിരുന്നു. മോശയുടെ വാക്കുകൾ ശ്രദ്ധിക്കുക. " യഹോവ നിന്നെ ഭൂമിയുടെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ സർവ്വജാതികളുടെ ഇടയിൽ ചിതറിച്ചു" (ആവർ. 28:64; ലേവ്യ. 28:33).

2. പീഢകൾ - ദൈവം പന്നെയും അവർക്കു താക്കീതു കൊടുത്തത് നിങ്ങൾ പോകുന്നേടത്തൊക്കെയും പീഢിപ്പിക്കപ്പെടും. മോശയുടെ വാക്കുകൾ വീണ്ടും ശ്രദ്ധിക്കുമ്പോൾ "ആ ജാതികളുടെയിടയിൽ നിനക്ക് സ്വസ്ഥതകിട്ടുകയില്ല. നിന്റെ കാലിന് വിശ്രാമ സ്ഥലം ഉണ്ടാകയില്ല. അവിടെ യഹോവ നിനക്ക് വിറയ്ക്കുന്ന ഹൃദയവും മങ്ങുന്ന കണ്ണും നിരാശയുള്ള മനസുംതരും" (ആവർ.28:65).

3. ശൂന്യത : ദൈവം വീണ്ടും അരുളിചെയ്തത് "അവരുടെ ദേശം ശൂന്യമാവും, അവരുടെ പട്ടണങ്ങൾ പാഴ്നിലം ആകും ". (ലേവ്യ. 26:33). മോശെ സംസാരിക്കുന്നത് യഹോവ തന്റെ കോപത്തിലും ക്രോധത്തിലും സോദോം, ഗോമോറ, അദ്മസെബായിം എന്നീ പട്ടണങ്ങളെ മറിച്ചു കളഞ്ഞതുപോലെ വിതയും വിളവും ഇല്ലാതെയും പുല്ലുപോലും മുളയ്ക്കാതെയും ഗന്ധകവും ഉപ്പും കത്തിയിരിക്കുന്ന ദേശമൊക്കെയും കാണുമ്പോൾ (...29:22,23).

4. **സംരക്ഷണം** - എന്നാൽ ദൈവം തന്റെ അത്ഭുത കൃപയിൽ തന്റെ ജനത്തെ അവർ അലഞ്ഞു നടക്കുന്ന രാജ്യങ്ങളിൽ നിന്നും മടക്കി വരുത്തും എന്നും തനിക്കു ജനമായി വേർതിരിക്കും എന്നു വാഗ്ദത്തം ചെയ്തു. (യെശ. 66:22; യിരെ.. 30:11, 31:35-37). യെശയ്യാവ് കുറച്ചു കൂടെ വ്യക്തമായി സംസാരിക്കുന്നത്, "ഒരു അമ്മ തന്റെ കുഞ്ഞിനെ മറന്നാലും തന്റെ ജനത്തെ മറക്കുകയില്ല എന്നാണ് " (യെശ. 49:15). യെശയ്യാവ് പിന്നെയും കൂട്ടിച്ചേർക്കുന്നത് ദൈവത്തിന് ഒരിക്കലും യിസ്രായേലിനെ മറക്കുവാൻ സാദ്ധ്യമല്ല എന്നാണ്. കാരണം അവരെ ദൈവം ഉള്ളങ്കയ്യിൽ വരിച്ചിരിക്കുകയാണ് (യെശ. 49:16).

കഴിഞ്ഞ രണ്ടായിരും വർഷങ്ങളിൽ ഈ നാലു കാര്യങ്ങളും യിസ്രായേലിനോടുള്ള ബന്ധത്തിൽ ദൈവം നിറവേറ്റി. എ.ഡി. 70 -ൽ സൈന്യം യരുശേലമിനെ നശിപ്പിച്ചു. യിസ്രായേൽ ജനത്തെ അടിമത്വത്തിലേക്ക് കൊണ്ടുപോയി. അവർ ദേശത്തെ നശിപ്പിച്ചു. ജനം ഭൂമിയിലുടനീളം ചിതറപ്പെട്ടു. പ്രവചനത്തിന്റെ നിവർത്തിയെന്നവണ്ണം അവർ പോയ സ്ഥലങ്ങളിലെല്ലാം പീഡിപ്പിക്കപ്പെട്ടു. പീഡനത്തിന്റെ ഉച്ചവസ്ഥ എന്ന നിലയിൽ രണ്ടാം ലോകയുദ്ധകാലത്ത് നാസിപ്പട്ടാളം അവരിൽ ധാരാളം പേരെ കൊന്നൊടുക്കി.

ആനുകാലിക പ്രവചനങ്ങൾ

നാം ജീവിക്കുന്ന കാലഘട്ടം ഏറ്റവും അനുഗ്രഹിക്കപ്പെട്ടതാണ് കാരണം ദൈവം അരുളിചെയ്ത അനേകം വാഗ്ദത്തങ്ങൾ യിസ്രായേലിനോടുള്ള ബന്ധത്തിൽ ഈ കാലങ്ങളിൽ നിറവേറ്റിക്കൊണ്ടിരിക്കുകയാണ്.

1.തിരികെ കൂട്ടിച്ചേർക്കുന്നു - പഴയനിയമ പ്രവചനങ്ങൾ ആവർത്തിച്ച് സംസാരിച്ചുകൊണ്ടിരുന്ന വാഗ്ദത്തങ്ങൾ പ്രകാരം, ആ ദിവസം വരും, അന്ന് ദൈവം യിസ്രായേലിനെ പാലസ്തീനീലേക്ക് വീണ്ടും കൂട്ടിച്ചേർക്കും (യെ. 11:10-12) . ഈ വാഗ്ദത്തങ്ങളുടെ നിറവേറൽ എന്ന വണ്ണം ഭൂമിയുടെ നാലുദിക്കിൽ നിന്നും യഹൂദന്മാർ സ്വന്ത ദേശത്തേയ്ക്കുകൂട്ടി ചേർക്കപ്പെട്ടുകൊണ്ടിരിക്കുന്നത് നമ്മുടെ ഈ കാലഘട്ടത്തിലാണ് ഒന്നാം ലോകമഹായുദ്ധത്തിൽ യിസ്രായേലിനെ ഏറ്റവും വെറുത്തിരുന്ന തുർക്കികളുടെ കയ്യിൽ നിന്നും പാലസ്തീൻ പിടിച്ചെടുക്കപ്പെട്ടു. ബ്രിട്ടൺ അവർക്ക് മടങ്ങി വരുവാനുള്ള വഴിയൊരുക്കി. രണ്ടാം ലോക മഹായുദ്ധം അവർക്ക് മടങ്ങി വരുവാനുള്ള സാഹചര്യം ഒരുങ്ങി. ആദ്യം 40000 പേർ മടങ്ങി വന്നു. രണ്ടാം ലോകയുദ്ധം അവസാനിക്കുമ്പോൾ അത് എട്ടു ലക്ഷമായി. ഇന്ന് അവരുടെ ജനസംഖ്യ 80 ലക്ഷമാണ്. അവരുടെ മടങ്ങി വരവ് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. നൂറ്റാണ്ടുകൾക്ക് മുമ്പ് വരവ് ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുന്നു. നൂറ്റാണ്ടുകൾക്ക് മുമ്പ് എന്നല്ല സഹസ്രാബ്ദങ്ങൾ ക്കു മുമ്പ് എഴുതപ്പെട്ട തിരുവചനത്തിന്റെ വാഗ്ദത്തങ്ങൾ നമ്മുടെ സ്വന്തം കൺമുമ്പിൽ നിറവേറിക്കൊണ്ടിരിക്കുന്നു.

2.രാഷ്ട്ര സംബന്ധമായി- പ്രവാചകന്മാർ വിളിച്ചു പറഞ്ഞു യിസ്രായേൽ ജനം മടങ്ങി വരുമ്പോൾ അവരുടെ രാഷ്ട്രം പുന:സ്ഥാപിക്കും. (യോശ. 66:7,8). അതു 1948 മേയ് മാസം 14-ാം തീയതി നിറവേറപ്പെട്ടു. ഈ സംഭവം നമ്മുടെ കാലത്തെ പ്രവചനത്തിന്റെ മൂലക്കല്ലായിരിക്കുന്നു. ഇങ്ങനെ സംഭവിക്കും എന്ന് ആർക്കും ഒരു നാളും വിശ്വസിപ്പാൻ കഴിയില്ലായിരുന്നു. എന്നാൽ യേശു തന്റെ വരവിന്റെ അടയാളമായി ഇങ്ങനെ സംഭവിക്കും

(ശേഷം 7-ാംപേജിൽ)

(6-ാം പേജിന്റെ തുടർച്ച)

യെഹൂദജനവും അന്ത്യകാല പ്രവചനവും

എന്ന് അരുളിചെയ്തിരുന്നു. അത്തിയുടെ ഉപമയിലും കർത്താവ് അത് വ്യക്തമാക്കി (മത്താ. 24:32-35). മത്താ. 21:18,19 വായിക്കുമ്പോൾ കർത്താവ് ഒരു അത്തിവൃക്ഷത്തെ ശാസിച്ചു, അത് ഉണങ്ങിപ്പോയി. യിസ്രായേലിന് അവരുടെ അനുസരണക്കേട് നിമിത്തവും യേശുവിനെ അവർ മശിഹായായി കൈക്കൊണ്ടില്ല എന്നതിനാലും യിസ്രായേലിന് അങ്ങനെ നാശം വരും എന്നും ഈ സംഭവത്തിലൂടെ യേശു ചൂണ്ടിക്കാട്ടുകയായിരുന്നു. (മത്താ. 21:18,19). ദൈവം തന്റെ പുത്രനെ യിസ്രായേൽ അംഗീകരിക്കാതെയുള്ള അവരുടെ ആത്മിക അന്ധത നിമിത്തം ദൈവകോപം അവരുടെമേൽ ചൊരിയുന്നതിനെ സംബന്ധിച്ച ഒരു അടയാളമായ പ്രവചനമാണിത്.

അടുത്ത ദിവസം യേശു തന്റെ ശിഷ്യന്മാരോട് അത്തിവൃക്ഷത്തെ സംബന്ധിച്ച് അവരെ ഓർമ്മിപ്പിച്ചു. യേശു അവരോട് പറഞ്ഞത്, കാത്തിരിക്ക, അത് വീണ്ടും തളിർക്കും. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, കാത്തിരിക്ക, യിസ്രായേൽ വീണ്ടും ഉദ്ധരിക്കപ്പെടും. യേശു സൂചിപ്പിച്ചത്, അത്തി വീണ്ടും തളിർക്കുമ്പോൾ, അവിടുന്ന് വീണ്ടും വരുവാനുള്ള ഒരുക്കത്തിന്റെ സ്വർഗ്ഗത്തിന്റെ വാതിൽ ആയിരിക്കും (മത്താ. 24:32,33).

സമാനമായി കർത്താവ് വീണ്ടും സംസാരിക്കുന്നത്, “ ഇതൊക്കെയും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു ” (മത്താ. 24:34). ഏതു മതലമുറ? അത്തി തളിർക്കുന്നത് കാണുന്ന തലമുറ.

നാം ആണ് തലമുറ. അത്തി തളിർത്തിരിക്കുന്നു. യേശു വാതിൽക്കലായിരിക്കുന്നു.

3. പുന:സ്ഥാപനം - ദൈവം വാഗ്ദത്തം ചെയ്തു രാജ്യം പുന:സ്ഥാപിക്കപ്പെടും, അത്തി വീണ്ടും തളിർക്കും (യെശ. 35:1-7); യെഹസ്കേൽ പറയുന്നത്, ജനം ഒരു ദിവസം അത്ഭുതപ്പെടും. ശൂന്യമായികിടന്നിരുന്ന ദേശം ഏദെൻ തോട്ടം പോലെയായിത്തീർന്നുവല്ലോ; “ പാഴും ശൂന്യവുമായി ഇടിഞ്ഞുകിടന്നിരുന്ന പട്ടണങ്ങൾ ഉറപ്പും നിവാസികൾ ഉള്ളതുമായവയായിത്തീർന്നുവല്ലോ ” (യെസ്കെ. 36:35). നിശ്ചയമായും ഇന്ന് യിസ്രയേൽ സന്ദർശിക്കുന്ന ആളുകൾ അത്ഭുത പ്പെട്ട് പറയും. പാലുംതേനും ഒഴുകുന്ന ദേശം വീണ്ടും പണിയപ്പെട്ടിരിക്കുന്നു. പത്തൊൻപതാം നൂറ്റാണ്ടിൽ യഹൂദന്മാർ സ്വന്ത ദേശത്തേയ്ക്ക് മടങ്ങിവരാൻ തുടങ്ങുമ്പോൾ ദേശം മൊത്തമായി ശൂന്യമായിരുന്നു. മരങ്ങൾ മുറിച്ചുമാറ്റപ്പെട്ടിരുന്നു. മരുഭിമിയായിത്തീർന്നിരുന്നു. യൂഹൂദന്മാർ മരങ്ങൾ വച്ചു പിടിപ്പിക്കാൻ തുടങ്ങി. പല സ്ഥലങ്ങളും ചതുപ്പുകൾ ഉണങ്ങിയ നിലമായത്തീർന്നു. കോടിക്കണക്കിന് മരങ്ങൾ നട്ടുപിടിപ്പിക്കപ്പെട്ടു. മഴ കൂടുതലായികിട്ടി. മലേറിയ പിടിക്കപ്പെടാവുന്ന ചതുപ്പുനിലങ്ങൾ നല്ല കൃഷിയിടങ്ങളായി മാറി. ഗലീലക്കടലിലെ വെള്ളം മരുഭൂമിയിലേക്ക് ചാനൽ വഴിയായി ഒഴുക്കി. ദേശം തളിർക്കുവാൻ കാരണമായി.

4.ഭാഷ – ഒന്നാം നൂറ്റാണ്ടിൽ യിസ്രായേൽ ലോകവ്യാപകമായി ചിതറിപ്പോയപ്പോൾ അവർ എബ്രായ ഭാഷ സംസാരിക്കുന്നത് കുറഞ്ഞു. യൂറോപ്പിൽ താമസമാക്കിയ യഹൂദന്മാർക്ക് ജർമ്മൻ ഭാഷയുമായി ഇടകലർന്നൊരു ഭാഷയുണ്ടായി. അതിന് ഡിഷ് എന്ന പേരായി. മെഡിറ്ററേനിയൻ പ്രദേശത്ത് പാർത്തിരുന്നപ്പോൾ സ്പാനിഷ് ഭാഷയമുമായി ഇടകലർന്ന് ഒരു ഭാഷയുണ്ടായി. അതിന് ലാസിനോ എന്ന പേരുണ്ടായി. സെഫനൃ പ്രവാചകൻ പ്രവചിച്ചു. ഒരു സമയം വരും, അപ്പോൾ എബ്രായഭാഷ പുനർജീവിക്കും. അത് അങ്ങനെ സംഭവിച്ചു. ഇന്ന് യഹൂദന്മാർ വേദപുസ്തക എബ്രായ ഭാഷ സംസാരിക്കുന്നു. മരിച്ച ഒരു ഭാഷാ ഇവിടെ പുനർ ജീവിക്കുവാനിടയായി. 1858-1922 വരെ ജീവിച്ചിരുന്ന എല്യേസർ ബൻ യഹൂദയെ ഭാഷയുടെ ഉദ്ധാരണത്തിനു വേണ്ടി ദൈവം ഉപയോഗിച്ചു.

5.യെരുശലേം – യേശു പറഞ്ഞു. തന്റെ വരവിന്റെ വ്യക്തമായ അടയാളമായി യരുശലേം യഹൂദന്മാരെക്കൊണ്ട് നിറയും. അവർ വാളിന്റെ വായ്ത്തലയാൽ വീഴുകയും അവരെ സകല ജാതികളിലേക്കും ബദ്ധരായിക്കൊണ്ടുപോകയും ജാതികളുടെ കാലം തികയുവോളം ജാതികൾ യെരുശലേമിനെ ചവിട്ടക്കളയും ചെയ്യും (ലൂക്കോ. 21:24).

ഈ പ്രവചനത്തിന്റെ ആദ്യ പകുതി എ.ഡി. 70-ൽ നിറവേറി. ആ വർഷം റോമൻ സൈന്യം യരുശലേം പിടിച്ചെടുത്തു, യെഹൂദന്മാർ ലോകരാജ്യങ്ങളിലേയ്ക്ക് ചിതറിപ്പോയി. ആറു ദിവസത്തെ യുദ്ധത്തിൽ 1967 ജൂൺ 7-ാം തീയതി യഹൂദന്മാർ യരുശലേം തിരിച്ചു പിടിക്കുന്നതുവരെ 1897 വർഷം യെരുശലേം ജാതികളാൽ നിറയപ്പെട്ടിരുന്നു. യരുശേലമിൽ ആധിപത്യം നടത്തുന്നു എന്ന കാരണം പറഞ്ഞ് ലോകജാതികൾ ഇന്നും യിസ്രായേലിനെതിരെ പ്രശ്നങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്നു. യഹൂദന്റെ തിരിച്ചുവരുവും രാജ്യത്തിലെ വാസവും, നാം ജീവിക്കുന്നത് കർത്താവിന്റെ വരവിന്റെ കാലഘട്ടത്തിലാണ് എന്ന് ശക്തമായി തെളിയിക്കുന്നു. യേശു പറഞ്ഞു, ഇത് ജാതികളുടെ അവസാന കാലഘട്ടമാണ്.

6.സൈന്യശേഷി– സെഖര്യാ പ്രവാചകൻ പ്രവചിച്ചത്,യഹൂദൻ രാജ്യം പുനസ്ഥാപിക്കുമ്പോൾ അവരുടെ സൈന്യശേഷി വികിന്റെ ഇടയിൽ തീച്ചട്ടിപോലെയും കറ്റകളുടെയിടയിൽ തീപ്പന്തം പോലെയും ആകും. അവർ വലത്തുഭാഗത്തും ഇടതുഭാഗത്തും ചുറ്റുമുള്ള സകല ജാതികളെയും തിന്നുകളയും. ഈ പ്രവചനം നിറവേറുവാൻ ഇനി എന്തെങ്കിലും ബാക്കിയുണ്ടോ?

7. സകലജാതികളുടെയും ദൃഷ്ടി കേന്ദ്രം - യിസ്രായേൽ ഇന്ന് സകല ജാതികളുടെയും ദൃഷ്ടി കേന്ദ്രമാണ്. ലോകത്തെ കിടുകിടെ വിറെപ്പിക്കുന്ന ഒരു നിർണ്ണായക ശക്തിയായി യിസ്രായേൽ ഇന്ന് മാറിയിരിക്കുന്നു.

ദൈവത്തിന്റെ നിത്യമായ സ്നേഹം

യിസ്രായേൽ അനുസരണക്കേടു കാണിച്ചു എങ്കിലും ദൈവം തന്റെ കൃപയിൽ നിന്നും അവരെ പൂർണ്ണമായി വിട്ടുകളഞ്ഞില്ല. എന്നാൽ അവർ തങ്ങൾ കുത്തീട്ടുള്ളവങ്കലേയ്ക്ക് നോക്കും ഏകജാതനെക്കുറിച്ച് വിലപിക്കുന്നതുപോലെ വ്യസനിക്കുന്നതുപോലെ അവർ അവനെക്കുറിച്ച് വ്യസനിക്കും” (സെഖ..2 12:10); “അവർ കർത്താവിനെ തങ്ങളുടെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കും” (റോമർ. 11:1-6; 25-29). ഹോശയ 3:4,5 -ൽ , തന്റെ വിഴിപിഴച്ച ഭാര്യയെ വീട്ടിലേയ്ക്ക് കൊണ്ടു വരും. പിന്നെ യിസ്രായേൽ തിരിഞ്ഞ് തങ്ങളുടെ ദൈവായ യഹോവയെയും തങ്ങളുടെ രാജാവായ ദാവീദിനെയും അന്വേഷിക്കും. ഭാവികാലത്തു അവർ ഭയപ്പെട്ടുകൊണ്ട് യഹോവയിങ്കലേയ്ക്കും അവന്റെ നന്മയിങ്കലേയ്ക്കും വരും. യിസ്രായേലിനോടുള്ള വാഗ്ദത്തങ്ങൾ നിറവേറ്റി അവരോട് ദയയും വിശ്വസ്തതയു കാണിക്കുന്നത് സകല വിശ്വാസികൾക്കും ഒരു ധൈര്യമായിത്തീരും. ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് യിസ്രായേലിനോട് അരുളി ചെയ്ത വാഗ്ദത്തങ്ങൾ നിറവേറ്റിയതിലൂടെ നിശ്ചയമായും നമുക്കും വിശ്വസിപ്പാൻ കഴിയുന്നത്, സഭയോടുള്ള തന്റെ എല്ലാ വാഗ്ദത്തങ്ങളും അവിടുന്ന് നിശ്ചയമായും നിറവേറ്റും.

ജാതികളെ സംബന്ധിച്ച വാഗ്ദത്തങ്ങളുടെ നിറവേറൽ

യിസ്രായേലിനെ സംബന്ധിച്ച അന്ത്യകാല പ്രവചനങ്ങൾ പൂർണ്ണമായോ ഭാഗികമായോ നമ്മുടെ സ്വന്തം കണ്ണിന് മുമ്പിൽ നിറവേറിയിരിക്കുന്നു. ദാനിയേൽ പ്രവാച

(ശേഷം 8-ാം പേജിൽ)

(2-ാം പേജിന്റെ തുടർച്ച)

അവസാനത്തോളം സഹിക്കുവാനുള്ള കൃപ

കൃപ ദൈവം തരും. ഞാൻ മരിക്കേണ്ട ആവശ്യമില്ല അതല്ല ഞാൻ ഒരു രക്ത സാക്ഷിയായി മരിക്കണം എങ്കിൽ അതിനുള്ള കൃപ ദൈവം തരും.

ഒരു വലിയൊരു കൂട്ടം ആളുകൾ മുന്നിലേക്ക് ഉറ്റു നോക്കി അവരുടെ മരണ സമയത്തെ സംബന്ധിച്ച് അവർ ഭയപ്പെടുന്നു. അവർ ഒരു വിശ്വാസിയെങ്കിൽ, അവർ മരിക്കുമ്പോൾ മരണത്തെ നേരിടുവാനുള്ള കൃപ ദൈവം കൊടുക്കും. പ്രിയ സഹോദരങ്ങളേ, ദൈവം തന്റെ കൈകളിൽ നമ്മെ വഹിച്ചുകൊള്ളും. അവിടുന്ന് സംസാരിക്കുന്നത് " നിന്റെ ദൈവമായ യഹോവ എന്ന ഞാൻ നിന്റെ വലങ്കൈ പിടിച്ചു നിന്നോട് ഭയപ്പെടേണ്ട, ഞാൻ നിന്നെ സഹായി ക്കും എന്ന് പറയുന്നു " (യെശ. 41:13).

ശക്തമായ ദൈവകൃപയെ നാം ലഘൂകരിച്ച് കാണരുത്. " നിങ്ങൾ സകലത്തിലും എപ്പോഴും പൂർണ്ണ തൃപ്തിയുള്ളവരായി സകല സൽപ്രവൃത്തിയിലും പെരുകി വരുമാറ് നിങ്ങളിൽ സകല കൃപ യും പെരുക്കുവാൻ ദൈവം ശക്തനാകുന്നു" (2കൊരി. 9:8). തന്റെ വേലയ്ക്കു വേണ്ടി നമ്മെ ഒരുക്കുവാൻ ആവശ്യമായ കൃപ തന്റെ പക്കലുണ്ട്. അങ്ങനെ അല്ലെങ്കിൽ ദൈവത്തിന് നമ്മെ ഉപയോഗിക്കാൻ സാദ്ധ്യമല്ല. ദൈവം നമ്മെ ഒരുക്കിയില്ലെങ്കിൽ തന്റെ സേവ ചെയ്യുവാൻ നമുക്ക് സാദ്ധ്യമല്ല. അതിന്റെ കാരണം നാം അവന്റെ സന്നിധിയിലേക്ക് ചെല്ലുകയോ വേണ്ടും വണ്ണം പ്രാർത്ഥിക്കുകയോ ചെയ്യുന്നില്ല.

2കൊരി. 12:7 നോക്കാം, " വെളിപ്പാടുകളുടെ ആധിക്യത്തിൽ ഞാൻ അതിയായി നിഗളിച്ചുപോകാതിരിപ്പാൻ എനിക്ക് ജഡത്തിൽ ഒരു ശൂലം തന്നിരിക്കുന്നു"; ഞാൻ നിഗളിച്ചുപോകാതിരിക്കേണ്ടതിന് എന്നെഴുതുവാൻ സാത്താന്റെ ദൂതനെ തന്നെ. മറ്റൊരു നല്ലൊരു കൂട്ടം വിശ്വാസികൾ തുടർച്ചയായി തങ്ങളുടെ ജഡത്തിലെ ശൂലം നീങ്ങിക്കിട്ടേണ്ടതിനായിട്ടാണ് പ്രാർത്ഥിക്കുന്നത്. ആ മുള്ളുകൾ നമ്മുടെ ജഡത്തിൽ വച്ചിരിക്കുന്നത് ദൈവമാണ്. അതിനെക്കുറിച്ച് ദൈവത്തിന് ഉദ്ദേശമുണ്ട് മാത്രമല്ല അത് നമ്മുടെ നന്മയ്ക്കു വേണ്ടിയിട്ടാണ്. അത് നാം നിഗളിച്ചു പോകാതിരിക്കേണ്ടതിനാണ്.

ഞാൻ ചിന്തിക്കുന്നത് അനേക വിശ്വാസികൾ എഴുന്നേറ്റ് ന്യായവിധിയിൽ അടുത്തു വരും, എന്നാൽ ഞാൻ നന്ദിയോടുകൂടെ ഓർക്കുന്നത്, പീഢയ്ക്കും നിന്ദയ്ക്കും ഏല്പിക്കപ്പെട്ട വർക്കാണ് ഇവിടെ നന്മയനുഭവിച്ചവരെക്കാൾ കൂടുതൽ പ്രതിഫലം ലഭിക്കുന്നത്. നാം ശ്രദ്ധിക്കുമ്പോൾ ഇവിടെ നന്മ അനുഭവിച്ച വർക്ക് പ്രതിഫലം കുറയുന്നതായി കാണാം. ഞാൻ വിശ്വസിക്കുന്നത്, ലോകത്തിൽ മറ്റെന്തിനെക്കാളുപരി പൗലൊസിന് പ്രതിഫലം നേടിക്കൊടുക്കുന്നത് തന്റെ കഷ്ടതയും പിഢകളുമാണ്യ നാം ദൈവത്തോട് കൂടുതൽ കൃപ ആവശ്യപ്പെടുമ്പോൾ, നാം കൂടുതൽ കഷ്ടത അനുഭവിക്കേണ്ടി വരും. ധൈര്യത്തോടെ നമുക്ക് അടുത്തുചെല്ലാം. വേണ്ടുന്ന ദൈവശക്തി നമുക്കു പ്രാപിക്കാം. ദൈവം നമ്മെ യുദ്ധക്കളത്തിലേക്ക് ഒറ്റയ്ക്ക് അയയ്ക്കയില്ല. സകല പ്രതികൂലങ്ങളെയും തരണം ചെയ്യുവാനുള്ള ദൈവകൃപ അവിടുന്ന് തരും. ദൈവത്തിന്റെ കൃപ സൗജന്യമായി നൽകപ്പെടുന്നു. നാം അത് ആഗ്രഹിക്കുന്നു എങ്കിൽ നിശ്ചയമായും വേണ്ടുവോളം നമുക്ക് അത് പ്രാപിക്കാം, ❖

(3-ാം പേജിന്റെ തുടർച്ച)

ദൈവത്തിന്റെ കുടുംബം

തകരമായിരിക്കുന്നു. ആ പ്രത്യാശ നാം പ്രാപിച്ചിട്ടുണ്ടോ? നാം ഏത് കുലത്തിൽപ്പെട്ടവരായാലും, സംസ്കാരത്തിൽപെട്ടവരായാലും ഏതു രാജ്യത്തിലോ നിറത്തിലോ ഉള്ളവരായാലും യഥാർത്ഥ വിശ്വാസികൾ ഒരു കുടുംബമാണ്. അന്ധകാരത്തിൽ നിന്നും വിളിച്ച് വേർതിരിക്കപ്പെട്ട സുവിശേഷത്തിന്റെ അത്ഭുത പ്രകാശത്തിലേക്ക് വിളിക്കപ്പെട്ടവർ നരകത്തിന്റെ സ്വാധീനത്തിൽ നിന്നും രക്ഷപ്പെട്ടവരും ആത്മീയ പകയുള്ളവരുമായ വിശുദ്ധന്മാർ ദൈവകുടുംബത്തിലെ അംഗങ്ങളാണ്. ദൈവം ലോകത്തെ സ്നേഹിച്ചു നൽകിയ തന്റെ പുത്രനിലൂടെയുള്ള രക്ഷയെ പ്രാപിച്ചിരിക്കുന്ന എല്ലാവരും ഈ കുടുംബത്തിലെ അംഗങ്ങളാണ്. (യോഹ. 3:16). യോഹ. 17:20-23 വരെയുള്ള വാക്യങ്ങളിൽ പ്രതിപാദിക്കുന്ന ക്രിസ്തുവിന്റെ പ്രാർത്ഥനയിൽ കാണുന്ന നമ്മുടെ കർത്താവിന്റെ ആഗ്രഹപ്രകാരം ക്രിസ്തുവിൽ ഒന്നായി ദൈവകുടുംബത്തിന്റെ അംഗമായിത്തീരുവാൻ കഴിഞ്ഞിട്ടുണ്ടോ?

നമ്മുടെ ഹൃദയത്തിലും ദർശനത്തിലും ഒരു വിശാലതയ്ക്കായി ദൈവത്തോട് പ്രാർത്ഥിക്കാം. 133-ാം സങ്കീർത്തനത്തിൽ പറയുന്ന, " ഇതാ സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആയിരിക്കുന്നു ". എന്നുള്ള വചനം നമ്മുടെ ജീവിതത്തിൽ അനുഭവമായിത്തീരുവാൻ ദൈവമായ കർത്താവ് സഹായിക്കയും അനുഗ്രഹിക്കുയും ചെയ്യുമാറാകട്ടെ. ❖

(7-ാം പേജിന്റെ തുടർച്ച)

യെഹൂദജനവും അന്ത്യകാല പ്രവചനവും

കൻ പറഞ്ഞിരിക്കുന്നു, പഴയ റോമൻ സാമ്രാജ്യം വീണ്ടും പണിയപ്പെടും (ദാനി. 2:31, 45). യൂറോപ്യൻ യൂണിയന്റെ രൂപീകരണത്തിലും വളർച്ചയിലും അത് നമുക്ക് കാണാൻ കഴിയും.

വേദപുസ്തകപ്രവചനങ്ങൾ ആവർത്തിച്ചു പറയുന്നത്, അന്ത്യകാലത്ത് സഭകളിൽ വലിയ വിശ്വാസത്യാഗം സംഭവിക്കും (1തിമൊ. 4:27, തിമൊ. 3:1-5). ഈ കാലഘട്ടത്തിൽ എണ്ണപ്പെട്ട ക്രിസ്തീയ സഭകളിൽ അത് സംഭവിച്ചുകൊണ്ടിരിക്കുന്നു. സ്വവർഗ്ഗരതി, സ്വവർഗ്ഗ വിവാഹങ്ങൾ അംഗീകരിക്കുന്നത്, യേശുവിന്റെ ദൈവത്വത്തെ നിഷേധിക്കുന്നത്, ദൈവവചനത്തിന്റെ ആധികാരികതയെ കളിയാക്കൽ തുടങ്ങിയവ അതിനുദാഹരണങ്ങളാണ്.

അതുപോലെ അധാർമ്മികത സഭകൾ വളരെ വർദ്ധിച്ചിരിക്കുന്നു. കർത്താവിന്റെ വരവ് സമീപിച്ചിരിക്കുന്നു എന്നതിൽ ഇനിയും സംശയമുണ്ടോ?

ദാനിയേലിനോട് ദൈവം പറഞ്ഞത്, അന്ത്യകാലം വരുവോളം ഈ വചനങ്ങൾ പൂർണ്ണമായി മനസിലാക്കാൻ സാദ്ധ്യമല്ല. പഴയനിയമ പ്രവചനങ്ങൾ പലതും മനസിലാക്കാൻ ബുദ്ധിമുട്ടില്ലാത്ത നിലയിൽ അതിന്റെ നിറവേറ്റലുകളുടെ കാലത്തിലത്രേ നാം ജീവിക്കുന്നത്.

അടയാളങ്ങളെ ഗൗരവമായെടുക്കുന്നു.

തിരുവചനം പഠിക്കുമ്പോൾ, തിരുവചനം പറയുന്ന ഭാവികാലം വന്നിരിക്കുന്നു. ആയിരക്കണക്കിനു വർഷങ്ങൾക്കു മുമ്പ് ദൈവം യിസ്രായേലിനോട് അരുളിചെയ്തത് വള്ളി പുള്ളിതെറ്റാതെ നിറവേറിയിരിക്കുന്നു. അന്ത്യകാല പ്രവചനങ്ങളുടെ നിറവേറൽ യിസ്രായേലിനെ സംബന്ധിച്ച് മാത്രമുള്ളതല്ല.

യേശുവരാൻ സമയമായി. കാലഘട്ടത്തെ സംബന്ധിച്ച അടയാളങ്ങൾ അത് വ്യക്തമാക്കുന്നു. ആ അടയാളങ്ങളെ വളരെ ഗൗരവമായി കാണുവാൻ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. കാരണം ദൈവം തന്റെ കോപം ഈ ലോകത്തിൽ പകരുവാൻ സമയമായി. ആരും നഷ്ടപ്പെട്ടുപോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. നമുക്കു ചുറ്റും കാണുന്ന ദൈവവചനത്തിന്റെ പദ്ധതി അത്രേ. നമ്മുടെ ശേഷിച്ച സമയം വിശുദ്ധ ജീവിതത്തിലും സുവിശേഷീകരണത്തിനുമായി വേർതിരിക്കാം. ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975